## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 10

11-06-2012 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പ് നവീകരണവും പരിശീലന അക്കാഡമിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ.: വി.റ്റി. ബൽറാം :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയും പ്രകാരമാണ്.<br><br>**1) ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നൽകുന്നതിനുള്ള നടപടി:** നിലവിൽ 101 എണ്ണം 0.32" റിവോൾവറുകൾ മാത്രം ഉണ്ടായിരുന്ന വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, 110 എണ്ണം 0.32" പിസ്റ്റലുകൾ കൂടി വാങ്ങിയിട്ടുണ്ട്. ടി തോക്കുകൾ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും ആയുധം ഉപയോഗിക്കുന്നതിനായി റിഫ്രഷർ ട്രെയിനിംഗ് നൽകുന്നതിനും വകുപ്പിൽ വെടിയുണ്ടകൾ ഇല്ലാതിരിക്കെ, ഈ സർക്കാർ ടി കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി 26,000 എണ്ണം വെടിയുണ്ടകൾ, പൂനയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും, ആകെ 8,53,122/- (എട്ട് ലക്ഷത്തി അൻപത്തിമൂവായിരത്തി ഒരുനൂറ്റി ഇരുപത്തി രണ്ട് രൂപാ മാത്രം) രൂപ അനുവദിച്ച് വാങ്ങിയിട്ടുള്ളതും, വിതരണം നടത്തുന്നതിന്റെ മുന്നോടിയായി ഉദ്യോഗസ്ഥർക്ക് റിഫ്രഷർ ട്രെയിനിംഗ് നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. റിഫ്രഷർ ട്രെയിനിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് മേൽ പിസ്റ്റലുകൾ ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്. |

**<u>2) പുതിയ വാഹനങ്ങൾ വാങ്ങൽ :</u>** എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി, നിലവിൽ വകുപ്പിൽ ഉപയോഗിക്കുന്ന ഏറ്റവും പഴക്കം ചെന്ന വാഹനങ്ങൾ മാറ്റുന്നതിനായി സർക്കാർ ഈ വർഷം 1.74 കോടി രൂപയ്ക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 01.03.2012 തീയതിയിലെ ജി.ഒ.(ആർ.റ്റി).നം.174/12/റ്റി.ഡി' എന്ന ഉത്തരവിനാൽ അനുമതി നൽകുകയും, 33 മഹീന്ദ്രാ ജീപ്പുകളും, മൂന്നു കാറുകളും വാങ്ങി ഫീൽഡ് യൂണിറ്റുകളിലേയ്ക്ക് അനുവദിക്കുകയും ചെയ്തു.

**<u>3. മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി :</u>** സർക്കാർ അംഗീകൃത മദ്യവിൽപ്പനശാലയിലെ കള്ള്, വിദേശമദ്യം, ബിയർ തുടങ്ങിയ മദ്യങ്ങളിൽ അനുവദനീയ ഘടകങ്ങൾ മാത്രമേ ഉള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനായി രാസപരിശോധന നടത്തുന്നതിന് സഞ്ചരിക്കുന്ന ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ ആദ്യപടിയായി 30 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി, തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബോറട്ടറി തുടങ്ങുവാൻ സർക്കാർ ഉത്തരവായി. (30-05-2012 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.396/2012/റ്റി.ഡി.). ഇക്കാര്യത്തിലുള്ള തുടർനടപടികൾ ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബോറട്ടറി അധികൃതരുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുണ്ട്.

**<u>4. വയർലെസ്സ് സംവിധാനം :</u>** വകുപ്പിൽ വിപുലമായ രീതിയിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രത്യേക പദ്ധതിയായി കണക്കാക്കി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി, 30-05-2012 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.396/2012/ റ്റി.ഡി.ഉത്തരവിൻ പ്രകാരം 57 ലക്ഷം രൂപ അനുവദിക്കുകയും, ആദ്യഘട്ടം എന്ന നിലയിൽ ഈ വർഷം, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ

ജില്ലകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**5. എക്സൈസ് അക്കാഡമി നവീകരണം :** തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് എക്സൈസ് അക്കാഡമിയുടെ പുതിയ കെട്ടിടം, 07-04-2012 ൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും, അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-12 സാമ്പത്തിക വർഷം 25 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. അക്കാഡമിയെ പൂർണ്ണ സജ്ജമാക്കുന്ന കാര്യം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ സർക്കാർ തീരുമാനിക്കുകയും, 30 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി, 30-05-2012 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.396/2012/റ്റി.ഡി. പ്രകാരം ഭരണാനുമതി നൽകി തുടർ വികസനം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ നടന്നു വരുന്നു.

**6. സെക്യൂരിറ്റി ചെസ്റ്റുകൾ :** വകുപ്പിൽ പുതിയതായി വാങ്ങിയ 110 പിസ്റ്റലുകളും അവയ്ക്കുള്ള വെടിയുണ്ടകളും ഉദ്യോഗസ്ഥർക്ക് ഉപയോഗത്തിനായി അനുവദിക്കുമ്പോൾ ആയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിന്, 05-12-2011 ലെ ജി.ഒ.(ആർ.റ്റി) നം.892/2011/റ്റി.ഡി. എന്ന ഉത്തരവ് പ്രകാരം സർക്കാർ 31,12,340/- രൂപ (മുപ്പത്തി ഒന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി നാല്പത് രൂപാ മാത്രം) അനുവദിച്ചതിൻ പ്രകാരം, 110 ഗോദ്റേജ് ചെസ്റ്റുകൾ വാങ്ങി എക്സൈസ് റേഞ്ച് ഓഫീസുകളിൽ നൽകിയിട്ടുണ്ട്.

**7. മൊബൈൽ ഫോൺ കണക്ഷനുകൾ :** 2011 ആഗസ്റ്റ് മാസത്തോടെ വകുപ്പിലെ 334 ഉദ്യോഗസ്ഥർക്കു കൂടി ഔദ്യോഗിക മൊബൈൽ കണക്ഷൻ നൽകി. ഇതോടെ മൊബൈൽ കണക്ഷനുകൾ അനുവദിച്ച ഉദ്യോഗസ്ഥരുടെ എണ്ണം 375 ആയി. ഇതുകൂടാതെ, മേൽ മൊബൈൽ കണക്ഷനുകളും, വകുപ്പിൽ നിലവിലുള്ള 372 ലാന്റ് ഫോണു

. . . .4

കളും CUG, VPN എന്നീ സൗകര്യങ്ങൾ ഉപയോഗിച്ച് പരസ്പരം വിളിക്കുന്നത് സൗജന്യമാക്കി മാറ്റിയിട്ടുണ്ട്. മേൽ നടപടികൾ വഴി ഉദ്യോഗസ്ഥർക്കിടയിലുള്ള വാർത്താ വിനിമയം സുഗമമാവുകയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഏകോപനം ശക്തമാവുകയും ചെയ്തിട്ടുണ്ട്.

**8. <u>ആധുനിക എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ :</u>** എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കുന്നതിനായി ആകെ 35,53,020/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി അൻപത്തി മൂവായിരത്തി ഇരുപത് രൂപാ മാത്രം) ചെലവിൽ റിഫ്ലക്ടീവ് ജാക്കറ്റ്, സെർച്ച് ടോർച്ച്, ഹെൽമറ്റ്, ആധുനിക കൈയ്യാമങ്ങൾ എന്നിവ വാങ്ങുന്നതിന്, 30-03-2012 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.122/2012/റ്റി.ഡി. എന്ന ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും, അതനുസരിച്ച് ആയവ വാങ്ങി ഫീൽഡ് ഓഫീസുകളിലേയ്ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ചെക്ക് പോസ്റ്റുകളിലേയ്ക്ക് ഉപയോഗിക്കുന്നതിനായി, ട്രോളി ലേഡർ, മാസ്ക്, റെയിൻകോട്ട് എന്നിവ വാങ്ങുന്നതിന്, 13-04-2012 തീയതിയിലെ ജി.ഒ.(ആർ.റ്റി)നം.291/12/റ്റി.ഡി. എന്ന ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി ലഭ്യമാക്കിയതു പ്രകാരം, ആയവ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, 21 ഡിജിറ്റൽ ക്യാമറകളും, സിഗ്നൽ ബാറ്റണുകളും വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും, ആയത് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 215 ഡിജിറ്റൽ വെയിംഗ് മെഷീൻസ്, ആകെ 7,23,475 രൂപ ( ഏഴ് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപാ മാത്രം) ചെലവിൽ, വാങ്ങുന്നതിന് 10-05-2012 ലെ ജി.ഒ.(ആർ.റ്റി) നം.346/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി നടന്നു വരുന്നു.

**9. ഇ.പേയ്മെന്റ് :** എക്സൈസ് വകുപ്പിലേയ്ക്കുള്ള വിവിധ തരം റവന്യൂ വരുമാനം മുതൽ കൂട്ടുന്ന രീതി ഓൺലൈൻ സംവിധാനത്തിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനായി 5.2 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, വാണിജ്യ നികുതി വകുപ്പിനു വേണ്ടി ഉണ്ടാക്കിയ KVATIS എന്ന സോഫ്റ്റ്വെയർ പ്രയോജനപ്പെടുത്തി ഒരു പുതിയ മോഡ്യൂൾ നിർമ്മിച്ച് ഉപയോഗിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**10. സ്റ്റീൽബോട്ട് നിർമ്മാണം :** ആലപ്പുഴ ജില്ലയിലെ കുട്ടനാട് റെയിഞ്ച് ആഫീസിന്റെ ഉപയോഗത്തിനായി കേരള സ്റ്റീൽ ഇൻഡസ്ട്രീസ് മുഖേന സ്റ്റീൽ ബോട്ട് നിർമ്മിക്കുന്നതിനായി, 20,09,000/- രൂപ (ഇരുപത് ലക്ഷത്തി ഒൻപതിനായിരം രൂപാ മാത്രം) സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ആകെ ചെലവായ 33.35 ലക്ഷം രൂപയിൽ, അവസാന ഗഡുവായ 9,90,000/- രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) നൽകി ബോട്ടു നിർമ്മാണം ഉടൻ പൂർത്തീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**11. വെബ് സൈറ്റ് :** എക്സൈസ് വകുപ്പിന് മാത്രം പ്രത്യേകമായി www.excise.kerala.gov.in എന്ന അഡ്രസ്സിൽ ഒരു പുതിയ വെബ്സൈറ്റ് നിലവിൽ വന്നിട്ടുണ്ട്.

**12. ബോധവൽക്കരണ വിഭാഗം :** മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപഭോഗത്തിനെതിരെ, വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി, 2011 ൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിക സൃഷ്ടിക്കുകയും, പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി, 2011-12 വർഷം ഒരു കോടി ഇരുപത് ലക്ഷം രൂപ

.....6

ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തേക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും, ഒരു കോടി രൂപ ബഡ്ജറ്റ് പ്രസംഗ ത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ബോധവൽക്കരണ പരിപാടികൾ സുഗമമായി നടത്തി വരി കയും ചെയ്യുന്നു.

| | | |
|---|---|---|
| ബി) എക്സൈസ് ജീവനക്കാർ ക്കായി പരിശീലന അക്കാ ഡമി തുടങ്ങുവാനുള്ള നട പടികൾ ഏത് ഘട്ടം വരെ യായി ; | (ബി) യും, (സി) യും | തൃശ്ശൂർ ജില്ലയിലെ പൂത്തോൾ എന്ന സ്ഥലത്ത്, 2004 മുതൽ എക്സൈസ് അക്കാഡമി പ്രവർത്തനം ആരംഭിച്ചു. എക്സൈസ് അക്കാഡമിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം 07-04-2012 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. |
| സി) എവിടെയാണ് അക്കാഡമി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ